LIBRARY ARCHIVES Kerala Legislative Assembly

ISSUE OF MEDICAL CERTIFICATES—FEES—LEVYING OF

397. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ട സദയം മറുപടി പയുമോ.—

(എ) കഠിനമായ മദ്ദനമേററ ഡാക്കർമാരെ സമീപിക്കുന്ന ദരിദ്രരും അവശരുമായ പാവപ്പെട്ടവക്ക മെഡിക്കൽ സട്ടിഫിക്കററ കൊടുക്കുന്നതിന്നു ഗവമ്മെണ്ടിലേക്ക് അവരിൽനിന്നു ഫീസു വാങ്ങാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യയാണു ഫീസു നിശ്ചയിച്ചിട്ടുള്ളത്;

(സി) പാവപ്പെട്ടവരും ദരിദ്രരുമായവരെ ഫീസുകൊടുക്കണമെന്നുള്ള നിബന്ധനയിൽനിന്നു് ഒഴിവാക്കാമോ;

(ഡി) ഫീസുകൂടാതെ ഇവക്ക മെഡിക്കൽ സട്ടിഫിക്കററ് ഇഷ്യുചെയ്യാനുള്ള വ്യവസ്ഥയുണ്ടാക്കാമോ?

റാവു ബഹദൂർ ടി. കെ. നായർ:

(എ), (ബി), (സി) & (ഡി) അടിപിടിക്കേസുകളിൽ പോലീസധികൃതന്മാർ ആവശ്യപ്പെടുന്നതായാൽ മാത്രമേ സട്ടിഫിക്കററ കൊടുക്കുന്ന പതിവുള്ളു. അങ്ങിനെ സട്ടിഫിക്കററ കൊടുക്കുന്നതിന്നു യാതൊരു ഫീസും വസൂൽചെയ്യാറില്ല.

CATTLE GRAZING GROUNDS AT TRICHUR

398. Mrs. K. M. R. Menon *(Trichur-Women)*: Will Government be pleased to state.—

are there any cattle grazing grounds in Trichur?

Mr. C. R. Iyyunni *(Minister for Revenue)*:

No.

VETTUVAS—APPOINTMENTS OF

399. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ൧൧൨൨ തുലാം ൨-ാം൹-യിലെ ഗസററിൽ പരസ്യംചെയ്തുകാണുന്ന ൧൫൦ നിയമനങ്ങളിൽ വേട്ടുവരിൽനിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്നു പ്രത്യേക കാരണം വല്ലതുമുണ്ടോ;

(ബി) ആ ലിസ്റ്റിലെ നിയമനത്തിൽ എഴുത്തച്ഛൻ സമുദായത്തിൽനിന്നും എത്രപേർ ഉൾപ്പെടും;

(സി) ആ നിയമനലിസ്റ്റിലെ ൧൮, ൩൭, ൬൦, ൬൯, ൮൩, ൧൦൪, ൧൧൨, ൧൧൯, ൧൨൫, ൧൩൨, ൧൩൬, ൧൪൦, ൧൪൧ എന്നീ സീരിയൽ നമ്പറുകാർ ഏതേതു സമുദായങ്ങളിൽ ഉൾപ്പെടും;

(ഡി) Other Hindu (Backward or Depressed) എന്ന വിഭാഗത്തിൽ ഏതേതു സമുദായങ്ങളിൽനിന്നാണു് ഒന്നിൽ കൂടുതൽ നിയമനങ്ങൾ ആ ലിസ്റ്റിൻപ്രകാരം ചെയ്തിട്ടുള്ളത്; ആ ഓരോ സമുദായത്തിൽനിന്നും എത്രപേരെവീതം ൧൧൨൨ തുലാം ൨-ാം൹-പരസ്യംചെയ്ത ആ ലിസ്റ്റിൻപ്രകാരം നിയമിച്ചിട്ടുണ്ട്;

(ഇ) സീരിയൽ നമ്പർ ൧൪൨ ആയി നിയമിച്ചിട്ടുള്ള ആൾ ഏതു സമുദായത്തിൽ ഉൾപ്പെടും?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) ഉണ്ട്. ഒരാളെ വെച്ചിട്ടുണ്ട്.

(ബി) ൪.